

കർമ്മെലാരാമത്തിലെ

രണ്ടു മോഹനകുസുമങ്ങൾ

ക. നി. മൂ. സ.

അന്ത്രയോസ്, പൌലോസ്-

സഹോദരന്മാർ

P
2
K100/C62C

കർമ്മെലാരാമത്തിലെ
രണ്ടു മോഹനകുസുമങ്ങൾ

★

ക. നി. മൂ. സ.

അന്ത്രയോസ്, പൌലോസ് -
സഹോദരന്മാർ

LV
An 26
M2
DHARMARAM COLLEGE LIBRARY
3128
BANGALORE.

Presented to the Scholasticate,
By the Very Rev. Fr. Chrysostom
T.O.C.D.,
Rector.

കർമ്മെലാരാമത്തിലെ

രണ്ടു മോഹന കുസുമങ്ങൾ

ക. നി. മൂ. സ.

അന്ത്രയോസ്, പൌലോസ്-

സഹോദരന്മാർ

★

ദിവ്യബോധജ്ഞാനം ഭൂമിയിൽ കഴിച്ച 33 ൽ 3 വഷ്ംമാത്രമാണു് അവിടുന്നു് പരസ്യമായി സഞ്ചരിച്ചതു്. ദൈവരാജ്യം പ്രസംഗിക്കുകയും അത്ഭുത പ്രവൃത്തികളാൽ തന്റെ ദിവ്യപ്രേഷിതത്വം സ്ഥാപിക്കുവാൻ യത്നിക്കുകയും ചെയ്തതു്. എന്നാൽ അഹങ്കാരജനുമായ ലോകത്തിനു് വിനയത്തിന്റെ പാഠം നൽകുവാൻ ചിലവഴിച്ച സ്വജീവിതത്തിന്റെ പതിനൊന്നിൽ പത്തുഭാഗവും. കുഷ്ഠരോഗികൾക്കു് സ്വസ്ഥതയും, കുരുടർക്കു് കാഴ്ചയും, ചെകിടർക്കു കേൾവിയും പ്രദാനം ചെയ്യുവനാണു്— മരിച്ചവരെ ഉയിർപ്പിക്കുകയും, പിശാചുക്കളെ ബഹിഷ്കരിക്കുകയും, കോപിച്ചലറുന്ന കല്ലോലങ്ങളെ ശാസിച്ചമർത്തുകയും ചെയ്തവനാണു്— അടുക്കളയിൽ മാതാവിനേയും, തച്ചപ്പുരയിൽ യൌസേപ്പിനേയും സഹായിച്ചുകൊണ്ടു് ദീർഘനാളം കഴിച്ചുകൂട്ടിയതെന്നു് ലോകം എങ്ങിനെ വിസ്മരിക്കും?

കൊച്ചുദാവീദ് ഒരു കവണിയും കല്ലുമായി മുന്നോട്ടുവന്നു ഗൊലിയാത്തു് എന്ന രാക്ഷസനെ— ദൈവദ്വിഷണം പുലമ്പിയിരുന്ന ആ ഭീകര സത്വത്തെ— നിലംപതിപ്പിച്ചു് നിഗ്രഹിച്ചു. ഈ കാഴ്ച്ച എത്ര കണ്ടു സുന്ദരമായിരുന്നില്ല! രഹസ്യജീവിതകാലത്തു് രക്ഷകൻ നമ്മുടെ പ്രധാന ശത്രുവായ അഹങ്കാരത്തെ അടിച്ചമർത്തുകയായിരുന്നു. അവിടുത്തെ ആയുധമോ ഒരു കൊച്ചു കൊട്ടവടിയും, ഉളിയും മാത്രം. ഇതിൽ പ്രത്യക്ഷമാക്കിയ സ്നേഹമോ, ത്യാഗമോ, ദിവ്യബോധജ്ഞാനമോ എന്താണു് കൂടുതൽ പ്രശംസനീയമെന്നു് തീർച്ചപ്പെടുത്തുക സാദ്ധ്യമല്ല. എന്തായാലും രക്ഷകന്റെ രഹസ്യജീവിതം വനാന്തരത്തിലും സന്യാസവേനങ്ങളിലും തങ്ങളുടെ കഴിവുകളെ ഗോപനം ചെയ്യുവാൻ, സ്വാതന്ത്ര്യത്തെ സ്വതന്ത്രമായി ഹോമിച്ചു് ഒരു ശ്രേഷ്ഠനു് കീഴ്വഴങ്ങി ജീവിക്കുവാൻ പ്രേരണയും ശക്തിയും പ്രദാനം ചെയ്യ, പ്രദാനം ചെയ്യുന്നു, പ്രദാനം ചെയ്യകൊണ്ടിരിക്കുകയും ചെയ്യും. സന്യാസത്തിൽതന്നെയും ഉണസഹോദരന്മാരുടെ ജീവിതസ്ഥിതിയാണു് സ്നേഹനാഥന്റെ രഹസ്യജീവിതത്തോടു് കൂടുതൽ സാമ്യം വഹിക്കുന്നതെന്നു് പറയാതെ തരമില്ല.

ഇതുയും പ്രസ്താവിച്ചതു് കർമ്മലസഭാരാമത്തിൽ മൊട്ടിട്ടു വികസിച്ചു് പുണ്യസൌരഭ്യംപരത്തി മണ്ണടഞ്ഞുപോയ രണ്ടുസുകൃത കുസുമങ്ങളെക്കുറിച്ചു്— രണ്ടു ഉണസഹോദരന്മാരെക്കുറിച്ചു്— അല്പം കുത്തിക്കുറിക്കുവാൻ പോകുന്നതിനും മുഖവുരയായിട്ടത്രെ.

ഉണസഹോദരന്മാർ! ഇവർ വൈദികരല്ല, ഇവർ കുബ്രാന ചൊല്ലിയില്ല! എന്നാൽ വൈദികരോടുകൂടെ ബലിഅർപ്പിക്കുകയും, സ്വയം ബലിവസ്തുക്കളാക്കുകയും ചെയ്തു. കേരളത്തിലെ കർമ്മലീത്താവൈദികർക്കു ലോകോത്തരങ്ങളായ സേവനങ്ങളും— തിരു

സിംഹാസനത്തിനേറയും, തിരുസഭോദ്ധ്യക്ഷന്മാരുടേയും ജനസാമാന്യത്തിനേറയും പ്രശംസയ്ക്ക് അവരെ അർഹരാക്കിയ സേവനങ്ങളും— അനുഷ്ഠിക്കുവാൻ കഴിഞ്ഞുവെങ്കിൽ അതു് പ്രസ്തുത ഉണസഹോദരന്മാരുടെ പിൻ ഉണ നിമിത്തമത്രെ. വൈദികരോടൊപ്പം തപശ്ചര്യകളും അനുഷ്ഠിച്ചവരാണിവർ. വൈദികരുടെ പ്രസംഗങ്ങളെ പ്രാർത്ഥനകളാലും തപസ്സിനാലും ഇവർ ഫലപുഷ്ടമാക്കി. വൈദികർക്കു് വൈദികവൃത്തികളിൽ സ്വതന്ത്രമായി പ്രവൃത്തിക്കുവാൻ പ്രസ്തുത സഹോദരന്മാരുടെ പ്രയത്നം വളരെയധികം സഹായിച്ചിട്ടുണ്ടു്. ആശ്രമവസ്തുക്കളുടെ കാര്യവും കാര്യക്ഷമമായി നടത്തിവന്നതു് മിക്കവാറും പ്രസ്തുത സഹോദരരത്രെ. ആ പൽസന്ധികളിൽ വൈദികരോടൊപ്പം വിരിമാറുകാണിക്കുവാൻ സന്നദ്ധരായിരുന്നു ഇവർ. കർമ്മെലീത്താവൈദികരിൽ സുകൃതസമ്പന്നന്മാരായി വളരെപേർ ഉണ്ടായിട്ടുണ്ടെങ്കിൽ കർമ്മെലീത്താ ഉണസഹോദരന്മാരുടെ കൂട്ടത്തിലും വിശുദ്ധാത്മാക്കളായി പരിഗണിക്കാവുന്നവർ പലരുണ്ടു്. ഇങ്ങിനെയുള്ളവരിൽ രണ്ടുപേർ മാത്രമാണു് അമ്പഴക്കാട്ടു് ആശ്രമത്തിൽ വെച്ചു് 1882—ലും, 1925—ലും കത്താവിൽ നിദ്ര പ്രാപിച്ച അന്തയോസു്, പൌലോസു് എന്നീ സഹോദരങ്ങളാം. ഇത്രയും പ്രാരംഭമായി പ്രസ്താവിച്ചശേഷം പ്രസ്തുത പുണ്യാത്മാക്കളുടെ ജീവിത ചരിത്രത്തിലേക്കു് ഒന്നു് എത്തിനോക്കുവാൻ അനുവാചകരെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

ആ. അന്ത്രയോസ്

(ചെരടായി)

1841 — 1882

1882 മിഥുനം മൂന്നാംതിയ്യതി പാതിര കഴിഞ്ഞു നേരം മൂന്നുമണിയായി. അപ്പൊഴാണു ഒരു വിനീത ഉണസഹോദരനായി കാലം കഴിച്ചു അത്യുത്സാഹത്താലും, സുകൃതാനുഷ്ഠാനങ്ങളാലും സജീവിതത്തെ ഹോമബലിയാക്കുവാൻ യത്നിച്ചിരുന്ന ഈ ദൈവഭാസൻ ഐഹിക ജീവിതത്തോടു യാത്രചൊല്ലിപിരിഞ്ഞതു. "ഇന്നു നീ എന്നോടുകൂടെ പറുദീസായിലായിരിക്കും." എന്നു നല്ല കള്ളനോടു സത്യം കല്പിച്ചരുളിയ ക്രൂശിതൻ അപരാധബോധത്തിൽ അടിയുറച്ച അന്ത്രയോസു സഹോദരനു ഉടൻ തന്നെ മോക്ഷവാതിൽ ഉറന്നു കൊടുത്തുവെന്നു വേണം വിചാരിക്കുവാൻ. കാരണം "ആകാശമോക്ഷം ഞാൻ കണ്ടു. ആ നില്ലുന്നതു ഈശോയും മറിയവും യൊസേപ്പുമല്ലെ? മുന്നുപേരും ഉണ്ടോ?" എന്നിങ്ങനെയായിരുന്ന ഈ പാവനചരിതന്റെ അവസാനവചസ്സുകൾ.

മാന്നാനം കുന്നിന്മേൽ ആശ്രമസ്ഥാപനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടു പത്തുവർഷം പൂർത്തിയായപ്പോൾ, അതായതു, 1841-ൽ വടക്കും വെളിയനാട്ടു ഇടവകയിൽപ്പെട്ട ചെരടായി എന്ന കുടുംബത്തിൽ അന്ത്രയോസു സഹോദരൻ ഭ്രജാതനായി. ഇദ്ദേഹത്തിന്റെ ബാല്യകാലത്തെക്കുറിച്ചു വിശേഷാൽ യാതൊരറിവും നമുക്കില്ല. ഉണസഹോദരനായി സഭ

യിൽ ചേർന്നു് 1863-ൽ ആണു്. വളരെ പ്രതി
ബന്ധങ്ങളും തരണം ചെയ്താണു് ആഗ്രഹനിവൃത്തിവരു
ത്തിയതെന്നു കാണുന്നു. സഭയിൽ ഇദ്ദേഹം അനുഷ്ഠി
ച്ച മഹൽസേവനങ്ങളും, നൽകിയ സന്മാതൃകയും
പരിചിന്തിക്കുമ്പോഴും അന്തയോസു് സഹോദരന്റെ
സഭാപ്രവേശനത്തിൽ കാരണവന്മാർ വലിയ തൃാഗം
വരിച്ചിട്ടുണ്ടെന്നു് പ്രത്യക്ഷമാകുന്നതാണു്. എൽത്തു
രുത്തു് ഇദ്ദേഹം സ്ഥീകരിക്കപ്പെട്ടപ്പോഴും അവിടുത്തെ
ആശ്രമത്തിന്റെ പണി പൂർത്തിയായിട്ടുണ്ടായിരുന്നില്ല.
1864-ൽ ആണു് എൽത്തുരുത്തു് ആശ്രമം മുറപ്രകാരം
സ്ഥാപിതമായതെന്നോർത്താൽ അതിന്റെ പണിയിൽ
അന്തയോസു് സഹോദരൻ വളരെയധികം അദ്ധ്വാനി
ച്ചിട്ടുണ്ടെന്നു് സ്പഷ്ടമാകും, സംശയമില്ല. ദാരിദ്ര്യ
ത്തേയും ക്രമങ്ങളേയും കണ്ണിലുണ്ണിയെപ്പോലെയരുതു
ഈ സഹോദരൻ സ്നേഹിച്ചിരുന്നതു്. സഹോദര
സ്നേഹവും അതിന്റെ പിരിയാസഖിയായ മധുരസ്വ
ഭാവവും, വിനയവും അതിന്റെ അവശ്യഫലമായ
സാധുത്വവും ഇദ്ദേഹത്തിൽ വിശേഷവിധിയായി പ്ര
ശോഭിച്ചു. ഈദൃശസ്വഭാവ വൈശിഷ്ട്യംനിമിത്തം
ആശ്രമവാസികളും മാത്രമല്ല ഈ സഹോദരനുമായി പ
രിചയപ്പെട്ടവാൻ ഇടവന്നിട്ടുള്ളവരെല്ലാം ഇദ്ദേഹത്തെ
സ്നേഹിച്ചു. ഇദ്ദേഹത്തോടു് അടുത്തുപെരുമാറുവാൻ
അഭിലഷിച്ചു. ഇങ്ങനെ ആശ്രമത്തിന്നകത്തും പുറത്തു
മുള്ള എല്ലാവരുടേയും സ്നേഹപാത്രമായിത്തീർന്ന അന്ത
യോസു് സഹോദരൻ 1872-ൽ സന്യാസനേർച്ചകളും
വൈദേത്തിനും സമർപ്പിച്ചു് കൃതാർത്ഥനായി.

ഏറെത്താമസിച്ചില്ല, അമ്പഴക്കാടു് ആശ്രമ
പണി ആരംഭിക്കുവാൻ. ഉടൻ തന്നെ ഇദ്ദേഹത്തെ അ
വിടേക്കു് സ്ഥലം മാറ്റി. വിശ്രമം അറിയാത്തതായി
രുന്നു, ഈ സഹോദരന്റെ അനന്തരജീവിതം. വീട്ടു
വേലകളിലെന്നപോലെതന്നെ പറമ്പുജോലികളിലും,
കൃഷിയിലും വളരെ അറിവും, അതുല്ല്യാനത്തിനുള്ള

സന്മനസ്സും ഉള്ളവനായിരുന്നു ഇദ്ദേഹം. സക്കാർക്കാര്യങ്ങളും ശരിയായി നടത്തുന്നതിലും സാമാന്യത്തിലധികം സാമർത്ഥ്യം ഇദ്ദേഹം പ്രകടമാക്കി. തച്ചാരശ്രേഷ്ഠന്മാർക്ക് ഈ സഹോദരൻ വലിയ ആശ്വാസമായിരുന്നുവെന്നു് പറയേണ്ടതില്ലല്ലൊ. മേൽ പറഞ്ഞ ജോലികളിൽ പലതും ഒരേ സമയം തന്നെ തൃപ്തികരമായി നടത്തിവന്നു.

ദൈവഭവനത്തിൽ വസിക്കുകയും അദ്ധ്വാനിക്കുകയും ചെയ്യുന്നതു് ഒരു വലിയ ഭാഗ്യമായിട്ടാണു് ഇദ്ദേഹം പരിഗണിച്ചതു്. ദിവ്യരക്ഷകൻ തന്റെ മർത്ത്യജീവിതത്തിൽ കായികാദ്ധ്വാനത്തെ അതിമാത്രം സ്നേഹിക്കുകയും സ്വാത്മനാ ആശ്ലേഷിക്കുകയും സ്വവിയപ്പാൽ പവിത്രീകരിക്കുകയും ചെയ്തു, എന്നു ധ്യാനിക്കുന്നവർക്കു് വേലയിൽ ഒരു അഭിനവസൌന്ദര്യം ദർശിക്കുവാൻ കഴിയാതിരിക്കയില്ല. മനുഷ്യരാശിയിൽ ഭ്രഷ്ടപക്ഷംവന്നു ജനവിഭാഗത്തിനു് നസ്രസ്സിലെ കൊച്ചുതച്ചൻ, യൌസേപ്പിന്റെ സഹായിയായി അദ്ധ്വാനിച്ച ലോകത്തു, നൽകുന്ന പദവും അതിമാത്രം മഹനീയവും ആശ്വാസപ്രദവുമെന്നതിനു് സംശയമില്ല. രക്ഷകൻ അദ്ധ്വാനിക്കുകയും വിയർത്തൊലിക്കുകയുംചെയ്യുന്നതിനെ ധ്യാനിച്ചിതിനാലായിരിക്കാം എന്തൊരു അദ്ധ്വാനത്തിനും അന്തർയോസു് സഹോദരൻ എപ്പോഴും സന്നദ്ധനായി കാണപ്പെട്ടതു്.

ഒരു കുടുംബനായകിയുടെ, അമ്മയുടെ, കണ്ണും കരളുമാണു് ഈ സഹോദരനുണ്ടായിരുന്നതു്. ആശ്രമം വക കുറെ നിലം മുള്ളുംകുഴി എന്ന സ്ഥലത്തു് വലിയ അനുഭവമൊന്നുമില്ലാതെ കിടക്കുന്നുവെന്നു് ഇദ്ദേഹം മനസ്സിലാക്കി. അവിടം നികത്തി തെ വയ്ക്കുക! വളരെ അദ്ധ്വാനമുള്ള ഒന്നാണു്. എന്നാൽ കാലാന്തരത്തിൽ അതു് ആശ്രമത്തിനു് ശാശ്വതമായ ഒരു വരുമാനമാർഗ്ഗമാകുമെന്നു് ഇദ്ദേഹം ഭാവനചെയ്തു. ഈ സംരംഭത്തിൽ ആശ്രമത്തിന്റെ ഭാവിനന്മയെ മുൻ

നിരത്തി പ്രവൃത്തിക്കുകയെന്നു ഇദ്ദേഹം ചെയ്തു. അതിനായി സഹിക്കേണ്ടിവന്ന ക്ലേശങ്ങളും പരിഗണിച്ചതേയില്ല, ഈ ത്യാഗവരൻ. അന്ത്യയോസ് സഹോദരന്റെ ദീർഘദൃഷ്ടിയുടെയും, ത്യാഗസന്നദ്ധതയുടെയും ഫലമായി ഉടലെടുത്ത മുള്ളൻകുഴിയിലെ മൈപ്പള്ളി പ്രസ്ഥാനം അമ്പഴക്കാട്ട് ആശ്രമത്തിനും എത്ര വലിയ അനുഗ്രഹമായിയെന്നും ദേവിതലമുറ സാക്ഷ്യം വഹിച്ചു.

"അന്ത്യയോസ് സഹോദരൻ" എന്നു കേട്ടാൽ അമ്പഴക്കാട്ടെ അന്നത്തെ തൊഴിലാളികളും സ്നേഹദരങ്ങളാൽ പുളകിതരാകും. കാരണം ഇദ്ദേഹം അവരോടുള്ളടെ അജപാനിച്ചു. അവരോടു് എപ്പോഴും അനുകമ്പയോടെ വർത്തിച്ചു. അവരുടെ ശാരീരികവും ആദ്ധ്യാത്മികവുമായ കാര്യങ്ങളും സാധിച്ചുകൊടുക്കുന്നതിൽ അത്യുത്സാഹം പ്രകാശിപ്പിക്കുകയും ചെയ്തു സഹോദരന്റെ മുൻനിരത്തിയുള്ള ഈ പ്രവർത്തനരീതിയാണു് അവരുടെ ഹൃദയങ്ങളിൽ ഒരു വലിയ സ്ഥാനം ഈ വിനീത സഹോദരനു് നേടിക്കൊടുത്തതു്.

പ്രതിദിനം ഈ സഹോദരൻ നിർവ്വഹിച്ചിരുന്ന ജോലികളും കണ്ടു് പലരും അത്ഭുതപ്പെടാറുണ്ടു്. ഒരാൾക്കു് ഇതെല്ലാം എങ്ങിനെ സാധിച്ചു? എങ്ങിനെയെന്നോ? സ്നേഹം നിമിത്തം എന്നാണു് അതിനുള്ള മറുപടി.— "സ്നേഹം ദീർഘശാന്തതയുള്ളതും ദയയുള്ളതുമാകുന്നു. അതു് തൻകാര്യം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല. അതു സകലവും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രതീക്ഷിക്കുന്നു. സകലതും അനുഭവിക്കുന്നു." എന്നിങ്ങനെയാണല്ലൊ വി: പ്രേഷിതൻ സ്നേഹത്തെ പ്രകീർത്തിക്കുന്നതു്. തളരാതെ അജപാനിക്കുവാൻ അന്ത്യയോസ് സഹോദരനു് ശക്തി നൽകിയതു് ഈ സ്നേഹമാണെന്നു പറയുന്നതിൽ അബദ്ധമില്ല.

അമ്പഴക്കാട്ട് ആശ്രമം വികാരിയോത്തായിത്തീ
ന്നപ്പോഴും കസിനി മേൽനോട്ടം, സങ്കീർത്തി, പ്രൊ
ക്യുറേറ്റർ ജോലി എന്നിവയെല്ലാം ഒന്നിച്ച് ഇദ്ദേഹ
ത്തിനു ഭരമേല്പിക്കപ്പെട്ടു. വിവിധങ്ങളും വിഷമതര
ങ്ങളുമായ ജോലികളും ഈ സഹോദരൻ നിറവേറ്റി
ട്ടുണ്ട്. അതിനായി പലപ്പോഴും ആശ്രമത്തിനു പുറ
ത്തു സഞ്ചരിക്കുകയും ലൗകികരോട് ഇടപെടുകയും
ചെയ്യേണ്ടിയിരുന്നു. എന്നാൽ ഇവയൊന്നും ഈ
ദൈവശ്രുഷിയുടെ സന്യാസാരൂപിക്ക് ബാധകമാ
യില്ല. അന്തേവാസികളെ പ്രത്യേകിച്ച് തൊഴിലാളികളെ
ഉപദേശങ്ങളാലും സദ്ദോപരി സന്മാതൃകയാലും
ഭക്തിമാർഗ്ഗത്തിൽ പുരോഗമിപ്പിക്കുന്നതിനു ഇദ്ദേഹം
യത്നിച്ചു. പ്രതിമാസദിവ്യകാരുണ്യസ്വീകരണം തൊ
ഴിലാളികളുടെ ഇടയിൽ നടപ്പാക്കുവാൻ ചെയ്ത യത്നം
തികച്ചും സഫലമാകുകയും ചെയ്തു.

താദ്ശജീവിതത്തിനുള്ള പ്രചോദനം പ്രാപിച്ചു
ഇ, പ്രതിദിനം ദിവ്യപൂജയിൽ ഭക്തിയോടെ ഭാഗഭാ
ക്കാകുകയും തീക്ഷ്ണതാപൂർവ്വം വി: കുർബ്ബാന കൈ
ക്കൊള്ളുകയും, ധ്യാനം ആത്മശോധന എന്നിവ നിഷ്ഠ
യാപൂർവ്വം അനുഷ്ഠിക്കുകയും, നിരന്തരം ദൈവസന്നി
ധിയിൽ വ്യാപരിക്കുകയും ചെയ്തുകൊണ്ടാണ്. ക്രമാ
നുഷ്ഠാനം സന്യാസജീവിതത്തിന്റെ ജീവനാണെന്നു
കരുതിയതു ഇദ്ദേഹം വത്തിച്ചിരുന്നതു്. എന്തെ
ല്ലാം ജോലികളുണ്ടായിരുന്നാലും കഴിയുന്നതു പൊതു
ക്രമങ്ങളിൽ ജാഗ്രതാപൂർവ്വം സന്നിഹിതനാകും. ജോ
ലി പ്രമാണിച്ച് സ്വസ്ഥലത്തേയ്ക്ക് പോകാത്ത ദിവസ
ങ്ങളിലെല്ലാം പതിനൊന്നുമണിയോടുകൂടെ ആശ്രമ
ത്തിൽവന്ന് ഭക്ഷണശാലാജോലി– ജ്ഞാനവായന എ
ന്നിവയിൽ വ്യാപൃതനാകും, ആത്മശോധനവരെയുള്ള
നേരം. ആത്മശോധനയും ഊണും കഴിഞ്ഞാൽ
കുറേ നേരം സഹോദരന്മാരോടുകൂടെ ആശ്വസിക്കു
വാൻ ഉപേക്ഷ വരുത്താറില്ല. ആശ്വാസസമയം ആ

ത്മാവിനും ശരീരത്തിനും ഒരുപോലെ പ്രയോജനമാക
ത്തക്കവണ്ണമാണു് നമ്മുടെ കഥാനായകൻ വിനിയോ
ഗിച്ചിരുന്നതു്. പ്രശാന്തവും പ്രസന്നവുമായ മുഖഭാ
വത്തോടുകൂടിയ ആ വിനീതാത്മാവിന്റെ സാന്നിദ്ധ്യം
മറവു സഹോദരന്മാർക്കും ഒരു വലിയ ആശ്വാസമായി
ത്തീർന്നു.

സന്യാസത്തിൽ കഴിച്ചു പത്തൊൻപതു് വർഷ
വും സ്വശരീരമാകുന്ന കഴുതയ്ക്കു് അധിക വിശ്രമൊ
ന്നും ഇട്ടേഹം അനുവദിച്ചില്ല. താൻ ചെയ്തവേല അ
ധികമായി എന്നു് കരുതിയതുമില്ല. ദൈവഭവന
ത്തിൽ വസിച്ചു് അദ്ധ്വാനിക്കുവാൻ കഴിഞ്ഞതു് ഒരു
മഹാ ഭാഗ്യമായിക്കരുതി ദൈവത്തിനു സ്തോത്രം
ചെയ്തു. പരിമിതശക്തിയോടുകൂടിയ ശരീരം കായ
ക്ലേശം നിറഞ്ഞ അതുദ്ധ്വാനത്താൽ ക്ഷീണിച്ചു.
1882 മകരം ആരംഭത്തിൽ രക്താതിസാരവും പനി
യും അദ്ദേഹത്തെ ബാധിച്ചു. അതൊന്നും അതു കഥ
വെച്ചില്ല. ജോലികളും തുടർന്നു ചെയ്തു. ചുമയും ശ്വാ
സംമുട്ടും വർദ്ധിച്ചു. തീരെ വീഴ്ചയായി. ചികിത്സ
കരും മാറി മാറിച്ചെയ്തുവെങ്കിലും ദിനം ഒന്നിനൊന്നു
വർദ്ധിച്ചു വരികയാണുണ്ടായതു്. ഈ നല്ല സഹോ
ദരനു വളരെ സഹിക്കേണ്ടിവന്നു. എങ്കിലും അക്ഷ
മതയുടെ അല്പഭാവംപോലും മുഖത്തു പ്രത്യക്ഷപ്പെട്ടി
ല്ല. ആവലാതിക്കിടയുള്ള ഒരു വാക്കുപോലും അധരങ്ങ
ളിൽനിന്നു അടർന്നുവീണില്ല. സുഖക്കേടുകളുടെ കഠി
ന യാതനകളും മുഖപ്രസന്നത അല്പമെങ്കിലും കുറച്ചില്ല.
പ്രത്യുത അതിനെ വളരെയധികം വർദ്ധിപ്പിക്കുകയാ
ണുണ്ടായതു്.

തന്നെ നിത്യവിധിയാളന്റെ പക്കലേയ്ക്കും നി
ത്യവസതിയിലേയ്ക്കും ആനയിക്കുവാൻ എത്തിയിരിക്കു
ന്ന ദൂതനാണു് പ്രസ്തുത ദിനമെന്നു് സഹോദരൻ ഗ്ര
ഹിച്ചു. കൂടുതൽ തീക്ഷ്ണതയോടെ അവസാനയാത്ര
യ്ക്കൊരുങ്ങുവാൻ അല്പമെങ്കിലും ഉപേക്ഷ വരുത്തിയില്ല.

ഇടവം 28—ാം തിയതി ഞായറാഴ്ച രാത്രി ഏഴുമണിക്കു് അന്ത്യോപചാരവും തിരുപ്പാഥേയവും കൈക്കൊണ്ടതിനോടുകൂടെ സ്വീകരിച്ചു. മരിക്കുന്നതിനു് മുമ്പു ദിവസം മുമ്പു് ദണ്ഡവിമോചനങ്ങളും യഥാവിധി നൽകപ്പെട്ടു. നല്ല സുബോധത്തോടും വലിയ ആഗ്രഹത്തോടും അതിമാത്രഭക്തിയോടുംകൂടെയാണു് അവയെല്ലാം സ്വീകരിച്ചതു്.

മിഥുനം മൂന്നാം തിയതി അസ്വസ്ഥമനസ്കയായപ്പോൾ ഉടൻതന്നെ ഇളകി. ഗെദസെമിനിന്റെ ഭയാനകമായ അവസ്ഥയിൽനിന്നു് ഈ ഉത്തമ ശുശ്രൂഷിയെ ഒഴിവാക്കുവാൻ ദൈവസുതൻ മനസ്സായില്ല. ശ്വാസംമുട്ടോടുകൂടെ വലിയ സംഭ്രമവും പ്രത്യക്ഷമായി. സമയം പാതിരയോടടുത്തു. രോഗി ഒന്നു മന്ദിച്ചു കിടക്കുന്നതുപോലെ തോന്നി. "അതു ഞാൻ ചെയ്തിട്ടില്ല, അതു് ഇപ്പോഴത്തേതല്ല" എന്നിങ്ങനെ രോഗി ദുഃഖസ്വരത്തിൽ, പരിഭ്രമഭാവത്തിൽ, പറയുന്നതു് ചുറ്റും നിന്നവർ കേട്ടു. അന്ധകാരശക്തികളോടുള്ള അവസാനയുദ്ധത്തിൽ സഹോദരൻ ഏർപ്പെട്ടിരിക്കുകയാണെന്നു് വ്യക്തമായി. അല്പം കഴിഞ്ഞു് മുഖഭാവം മാറി. പ്രത്യാശ അതിൽ നിഴലിച്ചു. രോഗിയുടെ വാക്കുകളും അതു സ്പഷ്ടമാക്കുകയുംചെയ്തു. രോഗി പറയുകയാണു്: "തിരി കെടാറായി. എന്റെ അമ്മേ, എന്റെ ആത്മാവിനെ എടുത്തുകൊള്ളണേ." അല്പംകൂടെ കഴിഞ്ഞു. കൂടുതൽ പ്രശാന്തവും പ്രശോഭിതവുമായ മുഖത്തോടുകൂടെ പറഞ്ഞു: "ആകാശമോക്ഷം ഞാൻ കണ്ടു. ആനില്ലന്നതു് ഈശോയും മറിയവും യൗസേപ്പുമല്ലേ? മൂന്നുപേരും ഉണ്ടോ?" ചുറ്റും നിന്നവർക്കു് ഒരു വിശുദ്ധാത്മാവിന്റെ ദേഹവിയോഗമാണു് തങ്ങൾ ദർശിക്കുന്നതു്, ജീവിതംപോലെ മരണവും, എന്നീ ചിന്തകളുണ്ടായതു്. പാതിര കഴിഞ്ഞു. ഒരു പകച്ചു സൂക്തജപങ്ങളും ചൊല്ലിക്കൊടുക്കുന്നതു് അപ്പോഴും ഉരുവിട്ടുകൊണ്ടിരുന്നു. അവസാനപ്രാ

ത്തനകം വൈദികസഹോദരർ ജപിച്ചുകൊണ്ടിരി
ക്കെ സന്യാസസഹോദരന്മാരുടെ മദ്ധ്യേ കിടന്നും അ
ന്ത്യോസും സഹോദരൻ കത്തോവിൽ ദീഘ്നിദ്രപ്രാ
പിച്ചു.

മരിക്കുമ്പോൾ കഥാപുരുഷന്നും 41-വയസ്സു
പ്രായമുണ്ടായിരുന്നുള്ളു. ഇവയിൽ 22 മാതാപിതാ
ക്കളോടുകൂടെ സ്വഭവനത്തിലും, 19സന്യാസത്തിലും
കഴിച്ചു. സന്യാസത്തിൽ കഴിച്ചവ ഏതു യോഗൃതാ
പരവും മാതൃകായോഗ്യവുമായിരുന്നുവെന്നും നാം
കണ്ടുകഴിഞ്ഞു. അല്പകാലംകൊണ്ടും ദീഘ്കാലത്തെ
യോഗൃതകളെ സമ്പാദിച്ചുവെന്നതത്രെ പറയാം. ഇങ്ങ
നെ ആക്കിവേണ്ടി ഇരവു പകലില്ലാതെ അദ്ധ്വാനിച്ചു
വോ, ആരുടെ പക്കലേക്കും പ്രത്യുപകാരത്തിന്നായും സുഗന്ധധൂമം ഇടവിടാതെ അർപ്പിച്ചുവോ, ആ
രുടെ പാണിതലിലേക്കും ഏല്പിവരേയും നയിക്കുവാൻ
യത്നിച്ചുവോ, ആ സത്യസദ്ഗുരുവിന്റെ പക്കലേയ്ക്കും,
നിത്യാനന്ദസദ്ഗുരുവിന്റെ സന്നിധിയിലേയ്ക്കും ആ
പൊൻകിളി സോല്ലാസം പറന്നുപോയി എന്നല്ലെ
യോ നാം അനുമാനിക്കേണ്ടതു്.

ഉച്ചകഴിഞ്ഞു 4 മണിക്കു ശവസംസ്കാരം നട
ന്നു. ആശ്രമക്കുളപ്പേളയിൽ വലിയ ത്രൊണോസിന്റെ
പടിഞ്ഞാറെ പന്തിയിലുള്ള പള്ളിവരലിന്നും തൂണി
ന്നും മദ്ധ്യേയാണു ശവക്കല്ലറതീർത്തതു്. പുതിയ പ
ള്ളി പണിതതിൽപ്പിന്നീടു ശേഷം അസ്ഥികളെ അമലോത്ഭവമാ
താവിന്റെ പീഠത്തിന്നുമുമ്പിൽ ഭ്രമിടാനം ചെയ്തു.
തലയോടുകളെ വളരെക്കാലം പഴയ ഊട്ടുമുറിയുടെ
മുകളിൽ എല്ലാവർക്കും കണ്ടുവരുന്ന വിധം സൂക്ഷി
ച്ചുവന്നു. ഇതു് ഈ സഹോദരനോടു് സഭാംഗങ്ങൾ
കണ്ടായിരുന്ന ഭക്തിയുടെ ലക്ഷ്യമായി പരിഗ
ണിക്കേണ്ടിയിരിക്കുന്നു.

R. I. P.

ഈശോ മറിയത്തിന്റെ ആ പൌലോസ്.

1842—1925

1925 ജൂൺ 9-ാംതിയ്യതി അമ്പഴക്കാട്ട് വി: ത്രേസ്യായുടെ ആശ്രമത്തിലെ കബറിടത്തിങ്കൽ ഒരു മണിദീപം അണഞ്ഞു. 83 വർഷം കർത്തൃജ്വലിച്ച ശേഷമാണ് അതു മങ്ങിമറഞ്ഞതു്. ഈശോ മറിയത്തിന്റെ പൌലോസ് സഹോദരനാണ് ആ ദീപ്തിവിശേഷം. തിരുസ്സന്നിധിയിലെ ദീപം പോലെ ഈ വിനീതാത്മാവു് ദൈവസന്നിധിയിൽ വസിച്ചു; സമീപസ്ഥരെയെല്ലാം സ്നേഹനാഥന്റെ തൃച്ചേവടികളിലേയ്ക്ക് ആകർഷിച്ചു; ദൈവസ്നേഹത്താൽ ജ്വലിച്ചു; നിരന്തര അദ്ധ്യാനത്താൽ സ്വയം ഹോമബലിയാക്കുകയും ചെയ്തു. രക്തമെല്ലാം എണ്ണയും, ഹൃദയം വിളക്കും, ജ്ഞാനസ്നാനം തിരികളുമായിത്തീർന്ന് ദൈവസ്നേഹത്തെക്കുറിച്ചു ഹോ! ചില്ലാതെയാകുവാൻ ആഗ്രഹിച്ച വിശുദ്ധന്റേതായിരുന്ന പൌലോസ് സഹോദരന്റെ ജീവിതം. സ്നേഹനാഥനെപ്രതി രക്തം ചിന്തി മരിക്കാൻ സാധിക്കാതെ വരുമ്പോഴാം അതിൽ ഓരോ തുള്ളിയും വിയർപ്പു നീരാക്കി അവിടത്തെ തൃപ്പാദങ്ങളിൽ അർപ്പിക്കുവാൻ യത്നിക്കുന്ന ധീരാത്മാക്കളുടേതിനു സദൃശമായിരുന്ന അതു്.

പുത്തൻപള്ളി ഇടവക ചക്യേത്തു് എന്ന മാന്യകുടുംബത്തിൽ 1842 മീനം 28-ാം തിയതിയാണ്

ഇദ്ദേഹത്തിന്റെ ജനനം. ബാലപ്രായം കടന്നു യൌവനത്തിലേയ്ക്ക് കാലുകുത്തിയപ്പോഴെയ്ക്ക് ഇദ്ദേഹം ദൃഢഗാത്രനും, അദ്ധ്വാനശീലനും, സൽസ്വഭാവിയുമായ ഒരു നല്ല തൊഴിലാളിയായിത്തീർന്നു. കൽപ്പണിയും മരപ്പണിയും നന്നായി അറിയാമായിരുന്നു. തുമ്പയെടുത്ത് തൊഴിലാളികളോടുകൂടെ പകൽ മുഴുവൻ അദ്ധ്വാനിക്കുവാൻ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ഏതൊരു വേലയ്ക്കും ശക്തിയുള്ളവനും ഏതൊരു അദ്ധ്വാനത്തിനും മടിയില്ലാത്തവനുമായി കാണപ്പെട്ട ഈ യുവതൊഴിലാളി.

"ദൈവമെ! അങ്ങ് എന്നെ അങ്ങേയ്ക്കായി സൃഷ്ടിച്ചു. അങ്ങിൽ സമാശ്വസിക്കുന്നതുവരെ എന്റെ ആത്മാവു് അസ്വസ്ഥമായിരിക്കുന്നു" എന്നാണല്ലൊ വി: അഗസ്തീനോസിന്റെ നിലവിളി.

സസ്യങ്ങൾ സൂര്യനിലേയ്ക്ക് എങ്ങിനെയൊ അങ്ങനെതന്നെ മനുഷ്യൻ ദിവ്യസൂര്യനായ ദൈവത്തിങ്കലേയ്ക്ക് ആകഷിക്കപ്പെടുന്നു. നിർമ്മലാത്മാക്കൾക്കു് ഈ ആകർഷണം കൂടുതൽ ശക്തിയായി അനുഭവപ്പെടുന്നു. അങ്ങിനെ നമ്മുടെ യുവതൊഴിലാളിയും ഈ ആകർഷണത്തിനു വിധേയനായി, ദൈവത്തോടടുക്കുവാൻ, ദൈവത്തിനു് സ്വയം അർപ്പിക്കുവാൻ, വെമ്പൽ കൊണ്ടു. എന്നാൽ വീട്ടിന്റെ ഭാവിപ്രതീക്ഷാഭാരം മുഴുവനുമായിത്തീരുന്നു കാരണവന്മാർക്കു ഈ വിരഹം മനുഷ്യദ്വേഷമായിത്തോന്നി. അവർ ശഠിച്ചു, പൌലോസ്സിനെ വിടുകയില്ലെന്നു്. എന്നാൽ "എന്നേക്കാളും പിതാവിനേയൊ മാതാവിനേയൊ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല" എന്ന ദിവ്യോക്തം ഈ യുവാവിന്റെ ഹൃദയവേദിയിൽ ശക്തിയായി മുഴങ്ങി എന്നു വേണം വിചാരിക്കുവാൻ. കാരണം, മാതാപിതാക്കളുടെ സമ്മതം ലഭിക്കുക സാദ്ധ്യ

മല്ലെന്നു കണ്ടപ്പോൾ, വിശുദ്ധ ക്ലാരയെപോലെ കാരണവന്മാരറിയാതെ സഭവനത്തിൽനിന്നു് ഇറങ്ങിത്തിരിക്കുകയാണുണ്ടായതു്. എന്തിനു്? സന്യാസത്തിൽ സജീവനെ ഹോമിക്കുവാൻ.

അന്നു് 22 വയസ്സു് പ്രായമായിരുന്ന ഇട്ടിഹത്തിൽ യൌവ്വനം അതിരാഹനഭാവത്തിൽ വികസിച്ചുനിന്നു. 1864 കന്നി 26-ാംതിയതി ഒരു ഉണ്ണിസഹോദരനായി ക്ലനമ്മാവു് വി. പ്ലമനാ പുണ്യവതിയുടെ ആശ്രമത്തിൽ സചികരിക്കപ്പെട്ടു. സഭോപിതാക്കൾ ആദ്യമായി സന്യാസവാശ്രമം ചെയ്തിട്ടു് അന്നു 10 വർഷം പൂർത്തിയായിട്ടുണ്ടായിരുന്നില്ല. തദ്ദാരാ, ആദ്യതീക്ഷ്ണത അതിമാത്രം ഉജ്ജ്വലത്തായി ശോഭിച്ചുകൊണ്ടാണിരുന്നതു്, ഓരോ സന്യാസഭവനത്തിലും സഭാംഗങ്ങളും ഓരോരുത്തരിലും. തീർച്ചയായും ഈ സാഹചര്യം സാക്ഷാത്തായ സന്യാസാരൂപിയിൽ വളരുവാൻ ഈ യുവാവിനെ വളരെയധികം സഹായിച്ചു എന്നതിനു സംശയമില്ല.

ക്ലനമ്മാവു് രണ്ടു ആശ്രമങ്ങളിലും ഇട്ടിഹം താമസിച്ചിട്ടുണ്ടു്. വാഴക്കുളത്തെയും, ചില മഠാമുള്ളതു് പ്രമാണിച്ചു് മഞ്ഞുമ്മലെയും, ഇട്ടിഹം നിയുക്തനായി. അത്യുത്സാഹവും, അഗാധവിനയവും, ക്ഷേതിതീക്ഷ്ണതയും, ഏവരുടേയും പ്രശംസയ്ക്കു് ഈ നവസന്യാസിയെ പാത്രമാക്കി. 1889 ചിങ്ങം 15-ാംതിയതിയാണു് നാല്പത്തിയഴാമത്തെ വയസ്സിൽ ഇട്ടിഹം സന്യാസനാച്ചകം ദൈവത്തിന്നപ്പിച്ചതു്. ഉദ്ദേശം 1895-ൽ അമ്പഴക്കാട്ടു് ആശ്രമത്തിലേയ്ക്കു് മാറപ്പെട്ടു. പ്രസ്തുത ആശ്രമത്തിൽ കഴിച്ച 30 വർഷവും ആശ്രമത്തിന്റെ പുരോഗതിക്കും സചന്തപുണ്യപൂർണ്ണതയ്ക്കുമായി ഇളവില്ലാതെ പ്രയത്നിക്കുകയായിരുന്നു, ഈ ത്യാഗമൂർത്തി.

ജോലികളും ഏതും, പ്രത്യേകിച്ച് കായികാദ്ധ്വാനം വളരെയധികം ആവശ്യപ്പെടുന്നവയുമാണ് ഇദ്ദേഹത്തിനു് പ്രത്യേകം ആകർഷണീയങ്ങളായി കാണപ്പെട്ടതു്. മരപ്പണിയിലും കൽപ്പണിയിലും ഇദ്ദേഹത്തിനു് സാമാന്യവൈദഗ്ധ്യം ഉണ്ടായിരുന്നുവെന്നു് മുൻസൂചിപ്പിച്ചിട്ടുള്ളതാണല്ലൊ. കുന്നമ്മാവിലെ പഴയ കൊവേന്തയിൽഉള്ള കക്കൂസിന്റേയും, കുളിപ്പുരയുടേയും, മരപ്പണിയും കൽപ്പണിയും ചെയ്തതു് പൌലോസ് സഹോദരനത്രെ. അങ്ങനെതന്നെ അമ്പഴക്കാട്ട് കുളത്തിന്നടുത്തുള്ള കുളിപ്പുരയുടെ, സമാന്യം വലിയ ആ കെട്ടിടത്തിന്റെ, പണിയിൽ കല്ലാശാരിയുടേയൊ, മരാശാരിയുടേയൊ സഹായം ആവശ്യപ്പെട്ടില്ല. ഈ വിനീതസഹോദരന്റെ ബലിഷ്ഠകരങ്ങളാ ആ പണികളെല്ലാം നിർവ്വഹിച്ചു. അമ്പഴക്കാട്ട് മണിമാളികപ്പണിയുടെ കാര്യത്തിലും പൌലോസ് സഹോദരൻ വളരെയധികം ക്ലേശിച്ചിട്ടുണ്ട്.

1882–ൽ ആ. അന്തോയിസ് കാലധർമ്മം പ്രാപിച്ചശേഷം മുള്ളംകുഴിയിലെ തൈവെപ്പുപ്രസ്ഥാനം അനുനിമിഷം തളർന്നുപോലെയായി. തൈകളും ക്ഷീണിച്ചു. ഇങ്ങനെയിരിക്കയിലത്രെ പൌലോസ് സഹോദരൻ അമ്പഴക്കാട്ടു വന്നു ചേർന്നതു്. മുള്ളംകുഴിയിലെ തെങ്ങിൻതോട്ടം ഈ സഹോദരന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. വളരെ അധികം ക്ഷീണിച്ചുകിടന്നിരുന്ന തൈക്കളം നിരന്തര ശുശ്രൂഷയാൽ നവജീവൻപ്രാപിച്ചു് നല്ല കായ്പ്പറ്റുള്ളവയായിത്തീർന്നു. ഈ മാറ്റം പൌലോസ് സഹോദരന്റെ അത്യദ്ധ്വാനഫലമാണെന്നു് പറയാതെ തരമില്ല. പഴയവയെ ഫലപുഷ്ടമാക്കുവാൻ യത്നിച്ചതോടൊപ്പം പുതിയ തൈവെപ്പും നടത്തി. പടിഞ്ഞാറെ പറമ്പിലെ മാട്ടങ്ങളെല്ലാം ഈ സഹോദരൻ പണിയിച്ചിട്ടുള്ളതത്രെ. എഴുപതു് എഴുപത്തിഅഞ്ചു വയസ്സു പ്രായമായശേഷവും

തുമ്പയെടുത്തു് പണിസ്ഥലത്തേയ്ക്കു് പോകുന്ന കാഴ്ച എത്ര മനോഹരമല്ല! ഒരിക്കൽ നവസന്ന്യാസികളോടുകൂടെ പോയിരുന്ന അവരുടെ ഗുരു, ബഹുമാനപ്പെട്ട ഗബ്രിയേലച്ചൻ തുമ്പയുമായി പണിസ്ഥലത്തേയ്ക്കു് പോകുന്ന ഈ സഹോദരനോടു ചോദിച്ചു "സഹോദരാ, പ്രായമായില്ലെ, അല്പം ഒന്നു ആശ്വസിക്കേണ്ടേ" എന്നു്. "സന്ന്യാസികൾക്കു് അങ്ങിനെയുണ്ടോ? സുഖമുള്ളിടത്തോളം വേല ചെയ്യണം" എന്നായിരുന്നു ഉടനടി നൽകിയ മറുപടി. ഇതു് 1918-ലാണു്. അന്നു് ഈ സഹോദരനു് 76 വയസ്സുണ്ടായിരുന്നു.

ഒരു കൃഷിക്കാരന്റെ വേലക്കാരനായി ജീവിച്ചു് ഒരു മഹാ വിശുദ്ധനായ ഇസിദോരിന്റെ ഓമ്മയാണു് പൌലോസു് സഹോദരനെക്കുറിച്ചോർക്കുമ്പോഴും മനസ്സിൽ ഉദിക്കുക. അദ്ധ്വാനവിയപ്പാൽ ആവർത്തിച്ചു കഴുകിയതിനാൽ ആ വിശുദ്ധന്റെ ശരീരം അഞ്ഞൂറാണ്ടുകൾക്കു ശേഷവും അഴിയാതിരിക്കുന്നു് സൂക്ഷിച്ചാൽ ആദ്ധ്യാത്മികജീവിതപാരമ്യം അതികഠിനമായ കായികാദ്ധ്വാനത്തോടു് സംഘടിപ്പിക്കേ സാദ്ധ്യമാണെന്നു് സ്പഷ്ടമാകുന്നതാണു്.

അതിമാത്രം അനുകരണീയങ്ങളായിരുന്നു ഇദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതവും, ക്രമാനുഷ്ഠാനനിഷ്ഠയും, ദാരിദ്ര്യാത്മാവും. തേഞ്ഞു് തേഞ്ഞു് ഒരു വശത്തേയ്ക്കു് അല്പം ചരിഞ്ഞു് ഒരടിമാത്രം പൊക്കമുള്ള ഒരു ബെഞ്ചാണു് പള്ളിയിൽ ഉപയോഗിച്ചിരുന്നതു്. കുമ്പാനകൈക്കൊള്ളുന്നതിനുള്ള ഒരുക്കത്തിനേറെയും ഉപകാരസ്മരണയുടേയും സംഗതിയിൽ ഇദ്ദേഹം വലിയ തീക്ഷ്ണത പ്രദർശിപ്പിച്ചു വന്നു. സുകൃതജപങ്ങൾ കൂടെക്കൂടെ ഉരുവിടുന്നതിനും വേല ഒരു തരത്തിലും തടസ്സമായിരുന്നില്ല. സ്ഥിരോത്സാഹം ഈ സഹോദ

രന്റെ ഒരു പ്രത്യേക ഗുണമായി പരിഗണിക്കണം. നമുക്കറിയാം സുകൃതകൃത്യം എത്രതന്നെ നിസ്സാരമായാലും നിരന്തരാഭ്യാസം അതിനെ വീരോചിതമാക്കുമെന്നു്. ഇതു് ക്രമങ്ങളുടെ സൂക്ഷ്മമുള്ള അനുസരണത്തിലും ദേവഭക്താഭ്യാസങ്ങളിലും പൌലോസു് സഹോദരനിൽ തെളിഞ്ഞുനിന്നു. ആശ്രമത്തിനകത്തുതന്നെ സമയം കഴിക്കുന്നവരിൽനിന്നു ഒട്ടും വ്യത്യാസം കൂടാതെ കൂട്ടക്രമങ്ങൾക്കു് ഹാജരാകുക പതിവാണു്. മിക്കപ്പോഴും പറമ്പുപണിയിൽ ഏർപ്പെട്ടിരുന്ന ഒരാളാണു് ഇങ്ങനെ ചെയ്തിരുന്നതെന്നു് നാം ഓർക്കണം. പതിനൊന്നു മണിക്കു് ജോലി നിവൃത്തി ആശ്രമത്തിൽവരും. കാലും കയ്യും കഴുകി ഉടുപ്പുമാറി ജോലി, സമയമുണ്ടെങ്കിൽ ജ്ഞാനവായന, എന്നിവയിൽ വ്യാപൃതനാകും. ജ്ഞാനവായന! "ജ്ഞാനവായനയിൽ അഭിരുചിയില്ലാത്ത പൂജ്യസന്യാസിസഭയിൽ നിലനില്ക്കയില്ല" എന്നാണു് ഈ സഹോദരൻ പലപ്പോഴും പറഞ്ഞിരുന്നതു്. ഈ തത്വം മുൻനിറുത്തി പ്രവൃത്തിച്ചു. കിട്ടുന്ന സമയം അല്പവും പാഴാക്കാതെ സൽഗ്രന്ഥപാരായണത്തിനായി ചെലവഴിച്ചു. തദ്വാര ആദ്ധ്യാത്മികകാര്യങ്ങളിൽ സാമാന്യം നല്ല അറിവും ജ്ഞാനസംഭാഷണത്തിനു പറ്റിയ സംഭവങ്ങളുടെ ഒരു സ്റ്റോക്കും ഇദ്ദേഹത്തിനു കൈവന്നു. ഉല്ലാസസമയത്തു് ജ്ഞാനകാര്യങ്ങളും സംസാരിക്കുന്നേ കാര്യത്തിൽ അതീവ ഉൽസുകനായിരുന്ന ഈ സഹോദരൻ. ലൌകികകാര്യങ്ങളും കേൾക്കുന്നതുതന്നെ ഇദ്ദേഹത്തിനു വിഷമമായിരുന്നുവെന്നു് മുഖഭാവവും ചിലപ്പോൾ വാക്കുകളും സ്പഷ്ടമാക്കി. സുഖക്കേടാണെന്നു കേട്ടു് വീട്ടുകാർ വന്നു കാണണമെന്നാവശ്യപ്പെട്ടു. സംഗതി അറിയിച്ചപ്പോൾ "അവരെ ഞാൻ പണ്ടേ ഉപേക്ഷിച്ചു" എന്നായിരുന്നു പ്രത്യുത്തരം. മണിമുറിയരെ പോയി അവരെ കാണുവാൻ ശ്രേഷ്ഠൻ കല്പിച്ചപ്പോഴാണു് അങ്ങിനെ ചെയ്തതു്.

ഭക്തഭോസത്തിലുള്ള സ്ഥിരതയ്ക്ക് ഒരു മകുടോദാഹരണമാണ് ശ്രുപങ്ങാംകുട് പൂവെയ്ക്കുന്ന പതിവ്. സാളയിലും മറ്റു പൊതുസ്ഥലങ്ങളിലും ഇരിക്കുന്ന സകല പസ്ത്രീശ്രുപങ്ങാംകും— അമ്പഴക്കാട്ട് അവയുടെ എണ്ണവും വളരെ വലുതാണ്— പ്രതിദിനവും പൂക്കൾ വെയ്ക്കുക! അതു എളുപ്പമല്ല. ഇദ്ദേഹം നടത്തിയിരുന്ന ജോലിയുടെ പ്രകൃതി നോക്കിയാൽ ഇതു കൂടുതൽ ശ്രമതരമാണെന്നു സ്പഷ്ടമാകുകയും ചെയ്യും. എങ്കിലും അമ്പഴക്കാട്ട് കഴിച്ച മുപ്പതുവഷ്മതുയും— സുഖക്കേടായി കിടന്ന ചുരുങ്ങിയ കാലമൊഴിച്ച്— പ്രതിദിനം ഈ കൃത്യം നിവ്വഹിച്ചുവന്നിരുന്നുഎന്നതു വീരോചിതമായ ഒരു കൃത്യമെന്നു പറയേണ്ടിയിരിക്കുന്നു. കൊയ്ത്തിന്റെ തിരക്കോ, മെതിയുടെ ശ്രുതിയോ, കൃഷിയിറക്കുന്ന ബദ്ധപ്പാടോ, പൂവെപ്പിനു വിഘ്നം വരുത്തിയില്ല പുറംപറമ്പിലേക്ക് പോകുന്നതിനു മുമ്പ് അതിനു സാധിക്കാതെവന്നാൽ മടങ്ങി എത്തിയശേഷം അതു നിവ്വഹിക്കും. ഇതിൽനിന്നു ഇദ്ദേഹത്തിന്റെ മറ്റു ഭക്തകൃത്യങ്ങളിലെ സ്ഥിരത എത്ര ശ്ലാഘനീയമായിരുന്നുവെന്നു അനുമാനിക്കുവാൻ പ്രയാസമില്ലല്ലൊ. സ്ഥിരത! ഈ പാറയിന്മേൽ മുട്ടിയാണു പലരുടേയും ഭക്തഭോസക്കപ്പൽ ഉടഞ്ഞുപോകുന്നതെന്നു അനുഭവം പഠിപ്പിക്കുന്നു. ഒരാഴ്ച, ഒരു മാസം, ഒരു വഷ്ം! തളരുകയായി മിക്കവരും. ഇതിൽനിന്നറിയാം പൌലോസ് സഹോദരൻ ഭക്തഭോസത്തിൽ പ്രദർശിപ്പിച്ചിരുന്ന സ്ഥിരതയുടെ ശ്രേഷ്ഠത. "അല്പത്തിൽ വിശ്വസ്ഥൻ; വലിയതിലും വിശ്വസ്ഥൻ." എന്നുള്ള ദിവ്യോക്തം ഈ സഹോദരനിൽ അനുഭ്രമായി എന്നു നാം കാണുന്നു. ആകയാൽ വിശ്വസ്ഥഭൃത്യക്കുള്ള മോക്ഷസമ്മാനത്തിനു ഇദ്ദേഹം സ്വയം അർഹനാക്കി, എന്നല്ലയോ നാം അനുമാനിക്കേണ്ടതു.

ദാരിദ്ര്യത്തോട് ഈ വിനീതാത്മാവിനുണ്ടായിരുന്ന സ്നേഹം ഭക്ഷണത്തിലും ഉടുപ്പിലും ഒരുപോലെ

പ്രശോഭിച്ചു. മോശമായതൊ, മോശമായി പാകം ചെയ്തതോ ആയ ഭക്ഷണം കഴിച്ചിരുന്നുവെന്നല്ല, അവയോട് ഒരു പ്രത്യേക താല്പര്യംകൂടെ കാണിച്ചുവന്നു. ഏറ്റവും മോശമെന്നു പറഞ്ഞാൽ പോര, കണ്ടംവെച്ച പ്രാകൃതമായ വസ്ത്രമെത്ര മിക്കപ്പോഴും ധരിച്ചിരുന്നതു്. സ്വയനിന്ദയുടെ ഒരു ബാഹ്യഅടയാളമായി പരിഗണിക്കാം, താഴ്മ നടപടികളും. ലോകത്തിന്റെ വന്ദനത്തിനൊ നിന്ദനത്തിനൊ അല്പമെങ്കിലും തലകുനിക്കാത്ത ഒരു പ്രകൃതിവിശേഷമായിരുന്നു അതു്. ലോകം പൌലോസ് സഹോദരനും പൌലോസ് സഹോദരൻ ലോകത്തിനും പൂണ്ണമായി മരിച്ചിരുന്നുവെന്നു പറയാവുന്നതാണു്.

പ്രാർത്ഥനയും പ്രായശ്ചിത്തവും ആത്മാക്കളെ സത്യത്തിലേയ്ക്കു പറപ്പിക്കുന്ന രണ്ടു ചിറകുകളാണല്ലൊ. ഇവയിൽ പ്രാർത്ഥനയോടെന്ന വിധംതന്നെ പ്രായശ്ചിത്തത്തോടും വലിയ പ്രതിപത്തിയാണു് ഈ സഹോദരനുണ്ടായിരുന്നതു്. ഭക്ഷണത്തിലും വസ്ത്രത്തിലും പ്രവർത്തികളും ഓരോന്നിലും ഈ താപസാരൂപി പ്രത്യക്ഷമായിക്കാണാമായിരുന്നു. "തപസ്സു ചെയ്യാതെ താപസനായി, കാരണം വയലിലെ നിരന്തരവും കഠിനതരവുമായ അദ്ധ്വാനം തപസ്സായി സ്വീകരിച്ചു എന്നാണല്ലൊ വി. ഇസ്സിദോരിനെക്കുറിച്ചു പറയുന്നതു്. അതു് ഒട്ടും അതിശയോക്തികൂടാതെ ഈ സഹോദരനെക്കുറിച്ചു പറയാവുന്നതാണു്. വെയിലോ മഴയോ, മഞ്ഞോ കുളിരൊ, അശേഷം വകവെച്ചില്ല. ഏറ്റവും അദ്ധ്വാനശീലനായ തൊഴിലാളിയും തലകുനിക്കും പൌലോസ് സഹോദരന്റെ അദ്ധ്വാനശീലത്തിൻ മുമ്പിൽ. ചെരുപ്പു് ഒരിക്കലും ധരിച്ചിട്ടില്ല. വെറും പലകയായിരുന്നു കിടക്ക. ഭക്ഷണത്തേയും ഉടുപ്പിനേയും കുറിച്ചു് മുൻ സൂചിപ്പിച്ചിട്ടുണ്ടല്ലൊ.

ആരും ഇഷ്ടപ്പെടാത്തതും, കൂട്ടജീവിതത്തിനു് ഒട്ടും തന്നെ അഭിലഷണീയമല്ലാത്തതുമായ ഒരു പ്രകൃതിവിശേഷം ഈ സഹോദരനിൽ ശുദ്ധമൂലമായിക്കാണാം. അഴുക്കണിഞ്ഞതും പുത്തിഹീനവുമായ വസ്ത്രംധരിച്ചു കൊണ്ടിരിക്കുക എന്നതാണതു്. വളരെ വിയർക്കുന്ന പ്രകൃതിയും വളരെ അധ്വാനിക്കുന്ന ശീലവുംകൂടെ ആയപ്പോഴാം അനുഭവം ഉൗഹ്യമാണല്ലൊ. സാധാരണ ക്രമത്തിൽ അതിനെ അഭിലഷണീയമായി കരുതുവാൻ നിവൃത്തിയില്ലെന്നു സമ്മതിക്കാം. എന്നാൽ ചില മഹാ വിശുദ്ധരിലും ഈ പ്രകൃതിവിശേഷം നാം ദർശിക്കുന്നുണ്ടു്. ആകയാൽ നമ്മുടെ വിധി ദൈവതിരുമുമ്പിൽ ദുർവിധിയാകാതിരിക്കാൻ നാം സൂക്ഷിക്കണം. ചെറിയ യാക്കോബു് സ്ലീഹാ, വി. ജോസപ്പലാബ്രെ എന്നിങ്ങനെയുള്ളവരുടെ ദൃഷ്ടാന്തം പൌലോസു് സഹോദരനെകുറിച്ചു സ്നേഹാദരവോടെ ചിന്തിക്കുവാൻ നമ്മെ നിബന്ധിക്കുന്നു. വാസ്തവത്തിൽ അടിയുറച്ച വിനയം, ലോകനിന്ദ, സ്വയനിന്ദ, സ്വപരിത്യാഗം എന്നിങ്ങനെയുള്ള ഗുണഗണങ്ങളാം അതിൽ തെളിഞ്ഞു ശോഭിക്കുന്നില്ലേ? നാം ചിന്തിക്കണം. ശിഷ്യർ കൈകഴുകാതെ ഭക്ഷണം കഴിച്ചുവെന്ന കുറ്റാരോപണത്തിനു സ്നേഹനാഥൻ നൽകിയ പ്രത്യുത്തരം ഇവിടെ ശ്രദ്ധേയമാണു്. അതിൽ കാണാം എന്താണു് മനുഷ്യനെ അശുദ്ധമാക്കുന്നതു, എന്താണു് അവനെ ദൈവകോപത്തിനു പാത്രമാക്കുന്നതു് എന്നു്. തീരെ മിനുസമില്ലാത്ത ഉടുപ്പിനോടും വളരെ താണതരത്തിലുള്ളതും പഴയതുമായ പെരുമാറ്റസ്സാധനങ്ങളോടും ഇദ്ദേഹം പ്രദർശിപ്പിച്ചിരുന്ന അനുപാടശസ്നേഹവും ഈ സഹോദരനെക്കുറിച്ചു സംബഹുമാനം ചിന്തിക്കുവാൻ നമുക്കു് പ്രേരണനൽകേണ്ടതാണു്. ആകഷ്ണീയമായവയോടും ലോകബഹുമാനങ്ങളോടും ഇദ്ദേഹത്തിനുണ്ടായിരുന്ന വെറുപ്പും വിദ്വേഷവും ഒരു രഹസ്യമായിരുന്നില്ല. ഒരിക്കൽ വീട്ടിൽ കൊണ്ടുപോകുവാൻ

ചാച്ചക്കാർ വളരെ അധികം പരിശ്രമിച്ചു, യാചിച്ചു. അവസാനം പോകാമെന്നു സമ്മതിച്ചു. എന്നാൽ കടവിൽ ചെന്നപ്പോൾ രണ്ടുതണ്ടുവച്ച ഒരു തോണിയാണു തന്നെ കൊണ്ടുപോകുവാൻ അവർ സജ്ജീകരിച്ചിരിക്കുന്നതു എന്നു മനസ്സിലാക്കി. വലിയ വിഷമമായി. അങ്ങിനെ ബഹുമാനപൂർവ്വം യാത്രചെയ്യാൻ ഇദ്ദേഹത്തിന്റെ വിനീതമനഃസ്ഥിതി അനുവദിച്ചില്ല. സഹോദരൻ നേരെ ആശ്രമത്തിലേയ്ക്കു തിരിച്ചു പോയി.

പൌലോസ് സഹോദരൻ കൂടെയുള്ളപ്പോൾ അലസരായിരിക്കാൻ സാദ്ധ്യമല്ലെന്നു തൊഴിലാളികൾക്കറിയാമായിരുന്നുവെങ്കിലും അവർ ഈ നല്ല സഹോദരന്റെ സാന്നിദ്ധ്യത്തെ ആഗ്രഹിച്ചു, തന്നെ സ്നേഹിച്ചു, ബഹുമാനിച്ചു. യാതൊരു പക്ഷഭേദവും ഒരുത്തരോടും കാണിച്ചിരുന്നില്ല എന്നുള്ളതാണു് പ്രസ്തുത സ്നേഹാദരങ്ങൾക്കുള്ള പ്രധാന ഹേതു. സന്യാസോചിതമായ രീതിയിൽ, തക്ക ആവശ്യം കൂടാതെ ഒരു വാക്കുപോലും സംസാരിക്കാതെ പ്രാർത്ഥനയും അദ്ധ്വാനവും സംഘടിച്ചു കൊണ്ടുപോകുന്ന ഒരു ത്യാഗിവര്യനെ അവർ എങ്ങിനെ ബഹുമാനിക്കാതിരിക്കും? ജോലി കഴിഞ്ഞാൽ ആ പാവപ്പെട്ടവരെ ഒരു നിമിഷംപോലും താമസിപ്പിക്കുന്നതു് ആ മുഖലക്ഷണം ധർമ്മസങ്കടമായിരുന്നു. അതുകൊണ്ടു് ഉടനെ കൂലികൊടുത്തുവിടുവാൻ മുമ്പുകൂട്ടി വേണ്ട ചട്ടംകെട്ടുകൾ ചെയ്യുകപതിവാണു്. ഇതെല്ലാം തൊഴിലാളികൾക്കു് ആ സഹോദരനോടുള്ള മതിപ്പും സ്നേഹവും ഒന്നിനൊന്നു വർദ്ധമാനമാക്കിയെന്നു് എടുത്തുപറയേണ്ടതില്ലല്ലോ.

അവസാനയാത്ര പരിതപ്പെടുത്തിയതു് താനറിയാതെ കുറെ കാലം മുമ്പു സേവിച്ചുപോയ വിഷത്തി

ന്റെ അനന്തരഫലമാണ്. അതെങ്ങനെയാണ് സംഭവിച്ചതെന്നു പറയാം. ദേഹത്തിൽ പുരട്ടുന്നതിനും സേവിക്കുന്നതിനും ഉള്ള മരുന്നുകളും രണ്ടു കുപ്പികളിൽ വെച്ചിരുന്നു. അറിയാതെ, പുരട്ടുന്നതിനുള്ള മരുന്നെടുത്തു സേവിച്ചു. അതാവട്ടെ, വിഷാംശം ചേർന്നതായിരുന്നു. കായ്യം വിഷമമായി. ഡോക്ടർ വന്നു മരുന്നു കൊടുത്തു് ജീവനെ രക്ഷിച്ചു. എങ്കിലും ജീവിതത്തിന്റെ അവസാനഘട്ടത്തിൽ അതിന്റെ ഫലമായി ചിത്തഭ്രമവും മറവും ഉണ്ടായി. എങ്കിലും ബോധം വരുമ്പോൾ കൂടാശ സ്വീകരണം, വിസീത്ത, ക്രമാനുഷ്ഠാനങ്ങൾ ഇവയെക്കുറിച്ചുതന്നെയായിരുന്നു ചിന്ത. കൂട്ടക്രമാനുഷ്ഠാനത്തിലുള്ള നിഷ്ഠ, ഭക്തഭ്യാസങ്ങളിൽ ഉള്ള സ്ഥിരത, അപരാധബോധത്തിൽ അടിയുറച്ച വിനയം മുതലായവ പൌലോസ് സഹോദരന്റെ മജ്ജയിൽ അലിഞ്ഞുചേർന്നാണിരുന്നതു്.

വി. യോഹന്നാൻ ബർക്കുമാൻസ് ചുരുങ്ങിയ കാലയളവിൽ ക്രമാനുഷ്ഠാനത്തിലും മറവു ഭക്തഭ്യാസങ്ങളിലും കാണിച്ച വിശ്വസ്തത നമ്മുടെ കഥാപുരുഷൻ ദീഘ്നാമം പ്രകടമാക്കി. ആർഭാടരഹിതമായ ആ അദ്ധ്യാത്മികദീപം ആർഭാടരഹിതമായ രീതിയിൽ പൊലിഞ്ഞു. സാധാരണ രീതിയിൽ ശവസംസ്കാരവും നടന്നു. എന്നാൽ വെറും സാധാരണ കായ്യങ്ങളും അസാധാരണ നിഷ്ഠയോടും തളരാത്ത സ്ഥിരതയോടും അഗാധമായ വിനയത്തോടും പരിത്യാഗാരൂപിയോടും ചെയ്ത നിരവധി സ്വർഗ്ഗീയനിധികളും നേടിയ ശേഷമാണ്, സഹോദരൻ മൂതി അടഞ്ഞതെന്നുള്ളതിനു സംശയമില്ല. ഈശോയുടെ രഹസ്യജീവിതത്തോടു— ലോകത്തിനു തികച്ചും അജ്ഞാതമായ ആ ജീവിതത്തോടു വളരെ അടുത്ത സാമ്യം വഹിക്കുന്നു ഒന്നായിരുന്നു സഹോദരൻ പൌലോസിന്റേതു്. ഈശോയിൽ പൂർണ്ണമായി ഒളിക്കപ്പെട്ട ഒരു ജീവിതം.

II
8 10

Printed at

ST. JOSEPH'S I. S. PRESS, ELTHURUTH.

1956